# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2076      17.12.2012 -ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. അജിത് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും നടന്നിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് 1798 രാഷ്ട്രീയ സംഘട്ടനങ്ങളും 8 രാഷ്ട്രീയ കൊലപാതകങ്ങളും നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | രാഷ്ട്രീയ സംഘട്ടനം | രാഷ്ട്രീയ കൊലപാതകം |
|---|---|---|---|
| 1 | തിരുവനന്തപുരം | 80 | -- -- |
| 2 | കൊല്ലം | 14 | -- -- |
| 3 | പത്തനംതിട്ട | 35 | -- -- |
| 4 | ആലപ്പുഴ | 81 | -- -- |
| 5 | കോട്ടയം | 61 | -- -- |
| 6 | ഇടുക്കി | 17 | 01 |
| 7 | എറണാകുളം | 05 | -- -- |
| 8 | തൃശ്ശൂർ | 74 | 01 |
| 9 | പാലക്കാട് | 69 | 01 |
| 10 | മലപ്പുറം | 52 | -- -- |
| 11 | കോഴിക്കോട് | 501 | 02 |
| 12 | വയനാട് | 00 | -- -- |
| 13 | കണ്ണൂർ | 544 | 03 |
| 14 | കാസർഗോഡ് | 265 | -- -- |
| | **ആകെ** | **1798** | **08** |

ബി) ഈ സംഘട്ടനങ്ങളുടേയും കൊലപാതകങ്ങളുടേയും രാഷ്ട്രീയ ബന്ധം എതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേരളത്തിലെ ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളും വിദ്യാർത്ഥി സംഘടനകളും മറ്റു വിഘടിച്ച രാഷ്ട്രീയ പാർട്ടികളും ഈ രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഐ.യു.എം.എൽ, ബി.ജെ.പി., സി.പി.ഐ (എം), എസ്. എഫ്. ഐ., ആർ എം. പി., ബി.എം. എസ്, ഡി.വൈ.എഫ്.ഐ. എന്നീ രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണ് കൊലചെയ്യപ്പെട്ടിട്ടുള്ളത്. സി.പി.ഐ.(എം), ബി.ജെ.പി, കോൺഗ്രസ് എന്നീ രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണ് പ്രസ്തുത കൊലപാതകങ്ങളിൽ പ്രതിസ്ഥാനത്ത് ഉള്ളത്.

| | |
|---|---|
| (സി) ഇതിനായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തികരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (സി) രാഷ്ട്രീയ സംഘട്ടനങ്ങളിൽ 1805 കേസുകളും രാഷ്ട്രീയ കൊലപാതകങ്ങളിൽ 8 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാഷ്ട്രീയ സംഘട്ടനങ്ങളിൽ 1420 കേസുകളിലെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്. 8 രാഷ്ട്രീയ കൊലപാതക കേസുകളിലെ സി. ബി. സി. ഐ.ഡിക്ക് കൈമാറിയ 3 കേസുകൾ ഒഴികെയുള്ളവയുടെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് നടന്നിട്ടുള്ള രാഷ്ട്രീയ സംഘട്ടനങ്ങളിലും രാഷ്ട്രീയ കൊലപാതകങ്ങളിലും പ്രതികളെ അറസ്റ്റു ചെയ്യാത്തതായി എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) രാഷ്ട്രീയ സംഘട്ടനങ്ങളിൽ 201 കേസുകളിൽ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. രാഷ്ട്രീയ കൊലപാതക കേസുകളിൽ സി. ബി. സി. ഐ. ഡി. ക്ക് കൈമാറിയ 3 കേസുകൾ ഒഴികെയുള്ള 5 കേസുകളിൽ രണ്ടു കേസുകളിലെ രണ്ട് പ്രതികളെ വീതം ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ